# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/35/23/2017 പത്രക്കുറിപ്പ് 2017 ഫെബ്രുവരി 1

**പ്രാക്ടിക്കൽ പരീക്ഷ**

2016 ഒക്ടോബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എസ്‌സി. ബയോടെക്നോളജി (സി.ബി.സി.എസ്.എസ് - റഗുലർ/ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ ഫെബ്രുവരി 2 മുതൽ അതാത് സെന്ററുകളിൽ നടത്തും.

2016 ഒക്ടോബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എസ്‌സി. മൈക്രോബയോളജി (സി.ബി.സി.എസ്.എസ് - റഗുലർ/ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ ഫെബ്രുവരി 8 മുതൽ അതാത് സെന്ററുകളിൽ നടത്തും.

2016 ഡിസംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.വോക്. റിന്യൂവബിൾ എനർജി ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ ഫെബ്രുവരി 2,3 തീയതികളിൽ എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ യൂണിവേഴ്സിറ്റി വെബ്ബ്സൈറ്റിൽ ലഭ്യമാണ്.

**അഡീഷണൽ ചീഫ് സൂപ്ര ് നിയമനം**

2017 അദ്ധ്യായനവർഷത്തിലെ മാർച്ച്/ഏപ്രിൽ കാലയളവിൽ സർവ്വകലാശാലാ പരിക്ഷകളുടെ അഡീഷണൽ ചീഫ് സൂപ്രണ്ടുമാരായി നിയമിക്കപ്പെടുവാൻ താത്പര്യമുള്ള അദ്ധ്യാപകർ അവരുടെ സമ്മതപത്രം പ്രിൻസിപ്പൽമാരുടെ ശുപാർശയോടുകൂടി പരീക്ഷാകൺട്രോളറുടെ ഓഫീസിൽ ഫെബ്രുവരി 15 ന് മുൻപായി എത്തിക്കണം.

**എം.ജി സർവ്വകലാശാലാ യൂണിയൻ കലോത്സവം വെബ്ബ്സൈറ്റ് ഉദ്ഘാടനം ചെയ്തു**

ഫെബ്രുവരി 20 മുതൽ 24 വരെ കോഴഞ്ചേരിയിൽ നടക്കുന്ന എം.ജി യൂണിവേഴ്സിറ്റി യൂണിയൻ കലോത്സവം ''നൂപുര-2017'' ന്റെ വെബ്ബ്സൈറ്റ് ഉദ്ഘാടനം വൈസ് ചാൻസിലർ ഡോ : ബാബു സെബാസ്റ്റ്യൻ നിർവ്വഹിച്ചു. സ്റ്റുഡന്റ് സർവ്വീസ് ഡയറക്ടർ ഹരികുമാർ ചങ്ങമ്പുഴ, യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാൻ വി. അജയനാഥ്, ജനറൽ സെക്രട്ടറി എം. അനീഷ്കുമാർ എന്നിവർ പങ്കെടുത്തു. കലോത്സവത്തിൽ പങ്കെടുക്കുന്ന കോളേജുകൾക്ക് ഫെബ്രുവരി 10 വരെ വെബ്ബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാം.

**മികച്ച ഗവേഷണ പ്രൊജക്ടിന് എം.ജി യിലെ അദ്ധ്യാപകന് പുരസ്കാരം**

തിരുവല്ലയിൽ വച്ചു നടന്ന 29-ാം ശാസ്ത്രകോൺഗ്രസ്സിലെ മികച്ച ഗവേഷണ പ്രൊജക്ടിനു നൽകുന്ന ഡോ : എസ് വാസുദേവ പുരസ്കാരത്തിന് എം.ജി യൂണിവേഴ്സിറ്റി സ്ക്കൂൾ ഓഫ് കെമിക്കൽ സയൻസിലെ ഡോ : ജി. അനിൽകുമാർ അർഹനായി. 50,000 രൂപയും പ്രശസ്തിപത്രവും അടങ്ങുന്നതാണ് അവാർഡ്.

**മികച്ച ഗവേഷണ പ്രബന്ധത്തിന് എം.ജി യിലെ ഗവേഷണ വിദ്യാർത്ഥിക്ക് പുരസ്കാരം**

തിരുവല്ലയിൽ വച്ചു നടന്ന 29-ാം ശാസ്ത്രകോൺഗ്രസ്സിലെ രസതന്ത്ര വിഭാഗത്തിൽ മികച്ച പ്രബന്ധത്തിനുള്ള അവാർഡിന് മഹാത്മാ ഗാന്ധി സർവകലാശാല ഇന്ററ്‍ യൂണിവേഴ്സിറ്റി ഇൻസ്ട്രുമെന്റഷന് സെന്ററിലെ ഗവേഷക വിദ്യാർത്ഥിനി ആയ ജിഷ സി അർഹയായി. പതിനായിരം രൂപയും പ്രശസ്തി പത്രവും തുടർ ഗവേഷണത്തിനായി ഒരു ലക്ഷം രൂപയുടെ ഗ്രാൻഡും അടങ്ങുതാണ് അവാർഡ്. മഹാത്മാ ഗാന്ധി സർവകലാശാലയിലെ പ്രൊഫസർ ആയ പ്രൊ. സിടി. അരവിന്ദകുമാറിന്റെയും ഡോ. കെ. ഉഷയുടെയും നേതൃത്വത്തിൽ നടന്ന ഗവേഷണത്തിന്റെ ഫലങ്ങൾ ആണ് കേരളമൊട്ടാകെയുള്ള മത്സരപ്രബന്ധങ്ങളിൽ നിന്നും മികച്ചതായി തിരഞ്ഞെടുക്കപ്പെട്ടത്.

**അടിക്കുറിപ്പ്**

29-ാം ശാസ്ത്രകോൺഗ്രസ്സിൽ ഡോ : എസ് വാസുദേവ പുരസ്കാരത്തിന് അർഹനായ എം.ജി യൂണിവേഴ്സിറ്റിയിലെ ഡോ : ജി. അനിൽകുമാർ മുഖ്യമന്ത്രി പിണറായി വിജയനിൽ നിന്നും അവാർഡ് ഏറ്റുവാങ്ങുന്നു.

എസ് വാസുദേവ പുരസ്കാരത്തിന് അർഹനായ ഡോ : ജി. അനിൽകുമാർ

എം.ജി യൂണിവേഴ്സിറ്റി യൂണിയൻ കലോത്സവം നൂപുര-2017 ന്റെ വെബ്ബ്സൈറ്റ് ഉദ്ഘാടനം വൈസ്ചാൻസിലർ ഡോ ബാബു സെബാസ്റ്റ്യൻ നിർവ്വഹിക്കുന്നു.

എം.ജി യൂണിവേഴ്സിറ്റി യൂണിയൻ കലോത്സവം നൂപുര-2017 ന്റെ ലോഗോ

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**